"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം- മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ പേരിൽ (ജില്ലാ മൃഗസംരക്ഷണ ഓഫീസർ) സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നതിന് - അനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt)No.1696/2020/LSGD    തീയതി,തിരുവനന്തപുരം, 20/09/2020

---

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018.

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ നടന്ന യോഗത്തിന്റെ തീരുമാനം 2.1 (3.1)(viii).

**ഉത്തരവ്**

കന്നുകുട്ടി പരിപാലന പദ്ധതി (എസ്.എൽ.ബി.പി.) പ്രകാരം മൃഗസംരക്ഷണ വകുപ്പുമായി യോജിച്ച് പ്രാദേശിക സർക്കാരുകൾക്ക് പദ്ധതികൾ ഏറ്റെടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ മൊത്തമായി വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്. എന്നാൽ ധനവകുപ്പിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം സബ്സിഡി ധനസഹായങ്ങൾ ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് പോകേണ്ടത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലിത്തീറ്റയ്ക്കുള്ള തുക മൃഗ സംരക്ഷണ വകുപ്പിന് കൈമാറാനുള്ള (ഡിപ്പോസിറ്റ്) ബിൽ ട്രഷറികളിൽ പാസാക്കുന്നില്ല വ്യാപകമായി പരാതി ഉണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എസ്.എൽ.ബി.പി. പദ്ധതി രണ്ട് വകുപ്പുകൾ സംയോജിച്ച് നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ, ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം, കാലിത്തീറ്റ വാങ്ങുന്നതിനായി, മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ പേരിൽ (ജില്ലാ മൃഗസംരക്ഷണ ഓഫീസർ) പി.എസ്.റ്റി.എസ്.ബി / എസ്.റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
മൃഗസംരക്ഷണ വകുപ്പ്
ധനകാര്യ വകുപ്പ് (3.9.2020-ലെ DEV-2/47/2020-FIN കുറിപ്പ്)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2020.09.22 12:19:10 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (റൂറൽ) പി.എ.യ്ക്ക്